**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1647** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഭൂമിതരം മാറ്റത്തിലൂടെ ലഭിക്കുന്ന പണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിതരം മാറ്റത്തിലൂടെ ലഭിക്കുന്ന പണം കാർഷിക അഭിവൃദ്ധി ഫണ്ടിൽ നിക്ഷേപിക്കണമെന്ന വ്യവസ്ഥ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ ചുമതലക്കാരനായ സംസ്ഥാനതല ഉദ്യോഗസ്ഥനായി ലാൻഡ് റവന്യൂ കമ്മിഷണറിനെ നിയോഗിച്ചു കൊണ്ട്, 30.07.2022-ലെ സ.ഉ.(അച്ചടി) നം.211/2022/RD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 13 പ്രകാരം, അനധികൃതമായി നികത്തപ്പെട്ട നിലം പൂർവ്വ സ്ഥിതിയിലാക്കേണ്ട ആവശ്യത്തിലേക്കായി, കാർഷിക അഭിവൃദ്ധി ഫണ്ടിലേയ്ക്ക് തുക അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട്, ലാൻഡ് റവന്യൂ കമ്മീഷണർ നല്കിയ ശുപാർശ പ്രകാരമുള്ള തുക അനുവദിക്കുന്ന വിഷയം, സർക്കാർ പരിശോധിച്ചു വരുന്നു . |
| (ബി) | അനധികൃതമായി നികത്തപ്പെട്ട കൃഷിഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ പ്രസ്തുത തുക ഉപയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്ര കാരം, കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ ചുമതലക്കാരനായ സംസ്ഥാനതല ഉദ്യോഗസ്ഥനായി ലാൻഡ് റവന്യൂ കമ്മിഷണറിനെ നിയോഗിച്ചു കൊണ്ട്, 30.07.2022-ലെ സ.ഉ.(അച്ചടി) നം.211/2022/RD ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 13 പ്രകാരം, അനധികൃതമായി നികത്തപ്പെട്ട നിലം പൂർവ്വ സ്ഥിതിയിലാക്കേണ്ട ആവശ്യത്തിലേക്കായി, കാർഷിക അഭിവൃദ്ധി ഫണ്ടിലേയ്ക്ക് തുക അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട്, ലാൻഡ് റവന്യൂ കമ്മീഷണർ നല്കിയ ശുപാർശ പ്രകാരമുള്ള തുക അനുവദിക്കുന്ന വിഷയം, സർക്കാർ പരിശോധിച്ചു വരുന്നു . |
| (സി) | ഭൂമി തരം മാറ്റത്തിലൂടെ ഇതേവരെ സർക്കാരിനു | (സി) | ഭൂമി തരം മാറ്റത്തിലൂടെ 2023 ജൂൺ വരെയുള്ള, |

| | | | |
|---|---|---|---|
| | ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ? | | സർക്കാരിനു ലഭിച്ച തുകയുടെ വിശദാംശം, പട്ടിക രൂപത്തിൽ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ നടത്തിപ്പ് ചുമതല നിക്ഷിപ്തമാക്കിയ സംസ്ഥാനതല ഉദ്യോഗസ്ഥനെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (പി) വകുപ്പ്

സ.ഉ.(അച്ചടി) നം.211/2022/RD തീയതി,തിരുവനന്തപുരം, 30-07-2022

---

പരാമർശം:-

1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 22/12/2018-ലെ എൽ.ആർ.എ1-11786/2018 നം. കത്ത്.
2. ധനകാര്യ (സ്കീം ലൈനിംഗ്) വകുപ്പിന്റെ 09/04/2019-ലെ സ.ഉ(സാധാ)2909/2019/ധന നമ്പർ ഉത്തരവ്.
3. ധനകാര്യ (സ്കീം ലൈനിംഗ്) വകുപ്പിന്റെ 16/05/2019-ലെ സ.ഉ(സാധാ)2909/2019/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2018-ലെ 29-ാം ആക്റ്റ് മുഖേന ഭേദഗതി ചെയ്തതിലെ, വകുപ്പ് 27 (ഡി) (1) പ്രകാരം, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഫണ്ട് എന്ന് പരാമർശിക്കുന്ന കാർഷിക അഭിവൃദ്ധി ഫണ്ട് രൂപീകരിക്കേണ്ടതാണെന്നും, വകുപ്പ് 27 (ഡി) (2) പ്രകാരം, ഫണ്ടിന്റെ നടത്തിപ്പ് സർക്കാർ നിയോഗിക്കുന്ന സംസ്ഥാനതല ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

2. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ വകുപ്പ് 27 ഡി പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ കസ്റ്റോഡിയനായ ഉദ്യാഗസ്ഥനായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തുന്നതാവും ഉചിതമെന്നും, ആയതിലേക്ക് തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ ഒരു പലിശ രഹിത റ്റി.എസ്.ബി അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നല്കണമെന്നും, പരാമർശം(1) പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതാണ് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2)-ലെയും പരാമർശം (3)-ലെയും ഉത്തരവുകൾ പ്രകാരം, ലാൻഡ് റവന്യൂ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരം വെള്ളയമ്പലം സബ് ട്രഷറിയിൽ ഒരു പലിശ രഹിത റ്റി.എസ്.ബി അക്കൗണ്ട് തുറക്കുന്നതിന് അനുമതി നല്കുകയുണ്ടായി.

4. മേൽ സാഹചര്യത്തിൽ, പരാമർശം (2)-ലെയും പരാമർശം (3)-ലെയും ഉത്തരവുകൾക്കു തുടർച്ചയായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 27 (ഡി) (1) പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ, വകുപ്പ് 27 (ഡി) (2) പ്രകാരമുള്ള നടത്തിപ്പ് ചുമതല നിക്ഷിപ്തമാക്കിയ സംസ്ഥാനതല ഉദ്യോഗസ്ഥനായി, " **കമ്മീഷണർ, ലാൻഡ് റവന്യൂ** " വിനെ നിയോഗിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

സ.ഉ.(അച്ചടി) നം.211/2022/RD

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കൃഷി (എൻസിഎ) വകുപ്പ്
നിയമ വകുപ്പ് (23.07.2022-ലെ ലെഗ് ബി2/14/2022/നിയമം പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A & E ), കേരളം, തിരുവനന്തപുരം
ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Joshy.k.l
Date: 01-08-2022 16:08:22

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ബഹു.റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

## ഭൂമി തരം മാറ്റത്തിലൂടെ സർക്കാരിന് ലഭിച്ച തുകയുടെ വിശദാംശം

| Financial Year | H/A0029-800-90 | H/A 0029-800-88 | Total |
|---|---|---|---|
| 2018-2019 | 3349081 | 57757560 | 61106641 |
| 2019-20 | 447669 | 1407133148 | 1407580817 |
| 2020-21 | 1862389 | 2929012233 | 2930874622 |
| 2021-22 | 1295395 | 2394811947 | 2396107342 |
| 2022-23 | 1934687 | 3856046065 | 3857980752 |
| 2023 April | 0 | 212307513 | 212307513 |
| 2023 May | 0 | 306044565 | 306044565 |
| 2023 June | 0 | 331657527 | 331657527 |
| **Total** | **8889221** | **11,49,47,70,558** | **11,50,36,59,779** |